# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2419 — 09.03.2018 ലെ മറുപടി

### വർക്കല മണ്ഡലത്തിൽ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ജോയി: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) വർക്കല മണ്ഡലത്തിൽ ഹരിത മിഷന്റെ ഭാഗമായി കുളങ്ങൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)യുടെ ഭാഗമായി വർക്കല മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന നാല് കുളങ്ങളുടെ പുന:രുദ്ധാരണത്തിനായി 2017-18 ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ കരാറുകാരിൽ നിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാൽ, പ്രസ്തുത പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ മാത്തനാട് കുളം<br>2. നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ കണ്ണൂരുകോണം കുളം<br>3. മടവൂർ പഞ്ചായത്തിലെ തമലാഴികം കുളം<br>4. ഇലകമൺ ഗ്രാമപഞ്ചായത്തിലെ പാണിൽ കുളം |

| | |
|---|---|
| (ബി) പ്രസ്തുത മണ്ഡലത്തിൽ കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനായി ജലവിഭവവകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതികൾ തയ്യാറാക്കുമോ? | (ബി) വർക്കല മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ നീർത്തടാധിഷ്ഠിത സംരക്ഷണത്തിന്റെ ഭാഗമായി എം.ഐ.ക്ലാസ്-1 ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർഷെഡ് ഇന്റർവെൻഷൻസ് ഇൻ പാണിൽ മുത്തോട്ടുംകര മൈക്രോ വാട്ടർ ഷെഡ് (5A 3B) അയിരൂർ റിവർ ബേസിൻ എന്ന പ്രവൃത്തിക്ക് ഭരണാനുമതി നല്കുകയും പ്രോജക്ട് മെയിന്റനൻസ് - എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി "കൺസ്ട്രക്ഷൻ ഓഫ് ഫീൽഡ് ചാനൽ ആന്റ് കൺസ്ട്രക്ഷൻ ഓഫ് കൾവർട്ട് ആന്റ് ഇംപ്രൂവ്മെന്റ് ടു പള്ളിക്കൽ പുഴ ഏലാ ഇൻ പള്ളിക്കൽ പഞ്ചായത്ത്" എന്ന പ്രവൃത്തിക്ക് സാമ്പത്തികാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**